**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **27-06-2022 - ൽ മറുപടിയ്ക്ക്**

**മൊഴി പിൻവലിക്കാൻ ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിക്കെതിരെ നൽകിയ മൊഴി പിൻവലിക്കാൻ ഒരു വ്യക്തി സമ്മർദ്ദം ചെലുത്തിയെന്നും ഭീഷണിപ്പെടുത്തുയെന്നുമുള്ള സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രധാന പ്രതി നടത്തിയ പ്രസ്താവനകൾക്ക് പിന്നിലുള്ള ഗൂഡാലോചനയും മറ്റ് സംശയാസ്പദമായ കാര്യങ്ങളെയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് തവനൂർ എം.എൽ.എ. ഡോ.കെ.ടി.ജലീൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.645/2022 u/s 120(B), 156 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.യുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ.മധുസൂദനന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്.<br><br>ഇതിനുപുറമെ, അഡ്വ.സി.പി.പ്രമോദ് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1) (b), 465 IPC & 65 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസും ഈ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ വരുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ഭീഷണിപ്പെടുത്തിയതായും സമ്മർദ്ദം ചെലുത്തിയതായും ആരോപിക്കപ്പെട്ട വ്യക്തിക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ? | (ബി) | (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ